# യാക്കോബ് അപ്പൊസ്തലൻ

**പാഠഭാഗം:** മത്തായി 4:21, 10:2, 7:1 മർക്കോസ് 1:19, 3:17, 5:37, 9:2, 10:35, 14:38 ലൂക്കോസ് 5:10, 6:14, 8:51, പ്രവൃ. 1:13, 12:2

**മനഃപാഠം:** മത്തായി 20:20, 21, 22

അന്നു സെബേദി പുത്രന്മാരുടെ അമ്മ പുത്രന്മാരുമായി അവന്റെ അടുക്കൽ വന്നു നമസ്കരിച്ചു അവനോടു ഒരു അപേക്ഷ കഴിച്ചു. നിനക്കു എന്തു വേണം എന്നു അവൻ അവളോടു ചോദിച്ചു. അവൾ അവനോടു ഈ എന്റെ പുത്രന്മാർ ഇരുവരും നിന്റെ രാജ്യത്തിൽ ഒരുത്തൻ നിന്റ വലത്തും ഒരുത്തൻ ഇടത്തും ഇരിപ്പാൻ അരുളിചെയ്യേണമെ എന്നു പറഞ്ഞു. അതിന് ഉത്തരമായി യേശു നിങ്ങൾ യാചിക്കുന്നത് ഇന്നത് എന്ന് നിങ്ങൾ അറിയുന്നില്ല. ഞാൻ കുടിപ്പാനിരിക്കുന്ന പാനപാത്രം കുടിപ്പാൻ നിങ്ങൾക്കു കഴിയുമോ എന്നു ചോദിച്ചു. കഴിയും എന്ന് അവർ പറഞ്ഞു.

**ലക്ഷ്യം:** കർത്താവിന്റെ രാജ്യത്തിൽ തന്നോടൊത്ത് വാഴേണ്ടവർ ഈ ഭൂമിയിൽ വിശ്വസ്തരായി തങ്ങളുടെ സാക്ഷ്യം നിർവ്വഹിക്കണം. താന്താങ്ങൾ അവരവർക്ക് ദൈവം നൽകുന്ന ക്രൂശ് എടുത്ത് പതറാതെ തന്നെ അനുഗമിക്കണം. അപ്പൊസ്തലന്മാരിൽ യാക്കോബ് ആദ്യത്തെ രക്തസാക്ഷിയായതെങ്ങനെ. തന്റെ പ്രത്യേകതകൾ ഏവ? ആദിയായവ ഗ്രഹിക്കുക. സ്ഥലകാല പരിചയം നേടുക.

**പ്രാരംഭം:** പുതിയനിയമത്തിൽ യാക്കോബ് എന്ന പേരിൽ അറിയപ്പെടുന്ന പലരുണ്ട്. 1. സെബദിയുടെയും ശലോമിയുടെയും പുത്രനായ യോഹന്നാന്റെ ജ്യേഷ്ഠസഹോദരൻ യാക്കോബ് എന്ന അപ്പൊസ്തൊലൻ. (മർക്കൊ. 1:19 മത്താ 4:21) 2. അൽഫായുടെ പുത്രനായ അപ്പൊസ്തൊലൻ (മത്താ. 10:3) അപ്പൊസ്തൊലൻ എന്നറിയപ്പെട്ടിരുന്നതിലും ഉപരി അദ്ദേഹത്തെക്കുറിച്ച് അറിവൊന്നും നമുക്ക് ലഭിച്ചിട്ടില്ല. 3. യേശുവിന്റെ സഹോദരനായ യാക്കോബ് (മത്താ. 13;55, മർക്കൊ. 6:4). യേശുവിന്റെ ശുശ്രൂഷാകാലത്ത് തന്നിൽ വിശ്വസിച്ച് അനുഗമിച്ചിരുന്നില്ല. (യോഹ. 7:5) തന്റെ ഉയർപ്പിനു

# James the Apostle

**Objective:** Those who are to reign with Jesus should live faithful lives here on earth and be witnesses of him to others. Each one should take up his own cross and follow Jesus. This study helps to understand how James became the first martyr among the apostles, his characteristics, etc. and to understand the places related to him.

**Portion to read**: Mat. 4:21, 10:2, 7:1, Mark 1:19, 3:17, 5:37, 9:2; 10:35; 14:38; Luke 5:10, 6:14, 8:51, Acts 1:13, 12:2

**Memory Verse:** Matthew 20:20-22

*Then came to him the mother of Zebedee's children with her sons, worshipping* him, *and desiring a certain thing of him.And he said unto her, What wilt thou? She saith unto him, Grant that these my two sons may sit, the one on thy right hand, and the other on the left, in thy kingdom.But Jesus answered and said, Ye know not what ye ask. Are ye able to drink of the cup that I shall drink of, and to be baptized with the baptism that I am baptized with? They say unto him, We are able.*

**Introduction:** There are many James in the New Testament.

1)James, the son of Zebedee and Salome, the brother of John, the apostle (Mark 1:19, Mt 4;21)

2)James, the apostle, the son of Alphaeus (Mt 10:3; we have very

ശേഷം കർത്താവ് അവന് പ്രത്യക്ഷമായി. അതോടെ യേശുവിന്റെ ഉത്തമ സാക്ഷിയായി. ഇദ്ദേഹത്തെ അപ്പൊസ്തലൻ എന്ന നിലയിൽ നാം കാണുന്നില്ല. എങ്കിലും താൻ യെരുശലേമിലെ സഭയ്ക്കു നടുനായകത്വം വഹിച്ചിരുന്നു (പ്രവ. 12:17, 21:18, ഗല. 1;19) യെരുശലേം കൗൺസിലിന്റെ അദ്ധ്യക്ഷൻ ഈ യാക്കോബായിരുന്നു. (പ്രവൃ. 15:3, 21:18) പൗലൊസിനു താൻ ഉപദേശം കൊടുത്തു എന്നു നാം മനസ്സിലാക്കുന്നു. (പ്രവൃ. 21) ഇദ്ദേഹമായിരിക്കും യാക്കോബിന്റെ ലേഖനത്തിന്റെ രചയിതാവ്. ജോസഫ് എന്ന ചരിത്രകാരൻ പറഞ്ഞിരിക്കുന്നതനുസരിച്ച് യെഹൂദയുടെ പിതാവായ യാക്കോബ് (ലൂക്കൊ. 6:26) ഇവരിൽ യോഹന്നാന്റെ ജ്യേഷ്ഠ സഹോദരനായ യാക്കോബ് അപ്പോസ്തലനെക്കുറിച്ച് ചില കാര്യങ്ങൾ വിശദീകരിക്കാം.

**മാതാപിതാക്കൾ, ജനനം**

യോഹന്നാൻ അപ്പൊസ്തൊലന്റെ ജനനസ്ഥലം, മാതാപിതാക്കൾ മുതലായവ നോക്കുക. അങ്ങനെ പിതാവായ സെബദിയുടെയും മാതാവായ ശലോമിയുടെയും ശിക്ഷണത്തിൽ ബാല്യത്തിൽ തന്നെ ദൈവഭക്തിയിൽ വളർന്നു വന്നു. മീൻ പിടുത്തത്തിൽ സഹോദരനായ യോഹന്നാനോടും കൂലിക്കാരോടും കൂടി പിതാവിനെ സഹായിച്ചിരുന്നു.

**മാനസാന്തരം മർക്കൊ. 1:19, 20 മത്താ. 4:21**

യേശു തന്റെ ആദ്യ ശിഷ്യന്മാരെ തിരഞ്ഞെടുത്ത കൂട്ടത്തിൽ യാക്കോബും ഉൾപ്പെട്ടിരുന്നു. അന്ത്രെയോസ്, പത്രൊസ് ഇവരെ ഗലീലക്കടപ്പുറത്തുവച്ച് തന്റെ അനുയായികളായി വിളിച്ചു. കുറെ മുമ്പോട്ട് ചെന്നപ്പോൾ സെബദിയേയും പുത്രന്മാരെയും കണ്ടു. തന്നെ അനുഗമിപ്പാൻ യാക്കോബിനെയും യോഹന്നാനെയും വിളിച്ചു. അവർ ഉടനെ തന്നെ പിൻപറ്റി. 12 അപ്പൊസ്തലന്മാരെ കർത്താവ് തിരഞ്ഞെടുത്തതിലും യാക്കോബ് ഉണ്ടായിരുന്നു.

**ശുശ്രൂഷയിൽ യാക്കോബ്**

പത്രൊസ്, യാക്കോബ്, യോഹന്നാൻ ഇവരെ യേശുവിന്റെ ശുശ്രൂഷാകാലമൊക്കെയും തന്നോടൊന്നിച്ച് എവിടെയും കാണാൻ സാധിക്കുന്നു. (യോഹന്നാന്റെ പാഠത്തിൽ നിന്നും സന്ദർഭങ്ങൾ ആവർത്തിച്ചോർക്കുക). സെബദീപുത്രന്മാർക്ക് ബോവോനേർഗ്ഗസ്സ് (ഇടിമക്കൾ) എന്നു കർത്താവു

little knowledge of James, apart from the fact that he was an apostle)

3)James,brother of Jesus(Mt 13:55, Mark 6:4)

James, the brother of Jesus didn't believe in him in the time of his ministry (John 7:5) but after his resurrection, Jesus appeared to him and thus he became a faithful witness of Jesus. He is not considered as an apostle. But he was a leading figureof the Jerusalem Church (Acts 12:17, 21:18, Gala. 1:19). He was the president of the Jerusalem council (Acts 15:13, 21:18).He advised Paul in certain matters (Acts 21). He must be the author of the epistle of James. According to the historian Josephus, James is the father of Judas, James (Luke 6:26). In this chapter we will learn about James, the apostle,the elder brother of John,

**Parents and birth:**

(Refer to John's parent and place of Birth). He grew up in the guidance of his father and mother. He helped his father along with his brother, in fishing.

**Repentance (Mark 1:19, 20, Mt. 4:21)**

James was one of the first disciples chosen by Jesus. After calling Peter and Andrew, Jesus walked ahead and saw Zebedee with his sons. He commanded the sons to follow him and they obeyed immediately. When Jesus selected the 12 disciples, James also was one among them.

പേരിടാൻ കാരണമെന്തായിരുന്നു? യേശുവിനോടും തന്റെ മാതാവായ മറിയയോടും ഇവർക്ക് അടുത്ത ബന്ധം ഉണ്ടെന്നു കരുതുന്നു. കർത്താവിന്റെ വിളി സന്തോഷപുരസ്സരം കേട്ട് ഈ ധീരയോദ്ധാവ് ആയുഷ്പര്യന്തം സുവിശേഷത്തിനായി പോരാടി എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. പെന്തക്കോസ്തനുഭവത്തിനു ശേഷം താൻ ജാഗ്രതയോടെ കർത്തൃസേവ ചെയ്തുകൊണ്ടിരുന്നു.

**അപ്പൊസ്തോലന്മാരിൽ ആദ്യരക്തസാക്ഷി**

തന്നെ ഏല്പിച്ചതും താൻ ഭരമേറ്റതുമായ ശുശ്രൂഷകൾ പരമാവധി വിശ്വസ്തതയോടു കൂടി ചെയ്തു താൻ പ്രിയം വെച്ച കർത്താവിന്റെ അരികിലണയുവാൻ യാക്കോബിന് അപ്പൊസ്തോലന്മാരിൽ ആദ്യമേ ഭാഗ്യം ലഭിച്ചു. യെഹൂദ്യ നാടുവാഴിയായ ഹേരോദാസ് ക്രിസ്ത്യാനികളെ വളരെ പീഡിപ്പിച്ചു. അയാളുടെ പ്രത്യേക ശ്രദ്ധ യാക്കോബിനെ വധിക്കുന്നതിലായിരുന്നു. പത്രോസിനെയും യാക്കോബിനെയും കാരാഗൃഹത്തിലടച്ചു. പത്രോസിന് സ്വാതന്ത്ര്യം ലഭിച്ചെങ്കിലും തീഷ്ണതയോടെ കർത്താവിനുവേണ്ടി യെഹൂദ്യയിലും സമീപപ്രദേശങ്ങളിലും സാക്ഷ്യം നിർവ്വഹിച്ചുകൊണ്ടിരുന്നു. യാക്കോബിന് വിടുതൽ ഉണ്ടായില്ല.

യാക്കോബിന് വിരോധമായി പല കള്ള സാക്ഷികളും എഴുന്നേറ്റു. ഒടുവിൽ അദ്ദേഹത്തെ വധിക്കുന്നതിന് ഹെരോദാ രാജാവ് കല്പനയിട്ടു. യാക്കോബിന് മനുഷ്യസഹജമായ ചാഞ്ചല്യമോ, വിഭ്രമമോ ഉണ്ടായേക്കുമെന്ന് ശത്രുക്കൾ കരുതിയെങ്കിലും ഒരു ജയാളിയുടെ പ്രസന്നതയോടെ താൻ കൊലക്കളത്തിലേക്കു നടന്നു. തനിക്കെതിരെ കള്ളസാക്ഷ്യം പറഞ്ഞവൻ യാക്കോബിന്റെ ഈ പ്രസന്നത കണ്ട് അത്ഭുതപ്പെട്ടു. യേശു സത്യദൈവമാണെന്ന് അവന് അപ്പോൾ ബോധ്യമായി. അവനും പരസ്യമായി ക്രിസ്തുവിനെ ഏറ്റുപറഞ്ഞു. അതുകൊണ്ട് കുപിതനായ നാടുവാഴി യാക്കോബിനോടുകൂടി അവനേയും കൊല്ലുവാൻ വിധിച്ചു. അവർ രണ്ടുപേരെയും ഒരേ ദിവസം ഒരേ വിധത്തിൽ കൊന്നു കളഞ്ഞു. യക്കോബിനെ ശിരഛേദം ചെയ്തു കൊന്നു കളഞ്ഞു എന്നു നാം വായിക്കുന്നു (പ്രവൃ. 12:2) അവന്റെ പേരിലുള്ള കുറ്റം ക്രിസ്തുവിനെ പ്രസംഗിച്ചു ജനങ്ങളെ ഇളക്കി മറിയ്ക്കുന്നവൻ എന്നായിരുന്നു. അങ്ങനെ അപ്പൊസ്തോല നഭോമണ്ഡലത്തിൽ ഉദിച്ച ഒരു നക്ഷത്രം പൊലിഞ്ഞു.

**James in Ministry:**

Peter, James and John are seen along with Jesus in most of his ministry. Recall the incidents we referred to in the last chapter. Why did Jesus refer to James and John, as the sons of thunder? It is believed that they had a close relationship with Jesus and his mother Mary. It is specially to be mentioned that James was a faithful warrior of Jesus, who fought for him from the day of his calling to his death. After the Pentecost, he zealously continued in ministry.

**The First martyr among the apostles:**

James got the privileged to be the first apostle to go to his beloved master in heaven. Herod, who ruled Judah,persecuted the Christians in many ways. He imprisoned James along withPeter. Peter was saved from the prison and he continued preaching in Judah with more zeal. But James was not saved from prison.

Many false-witnesses arose against James. At last, Herod sentenced him to death. His enemies thought that James would accept defeat in the face of death, but he marched towards death with the smile of a victorious warrior. The false witness was amazed at this and realized that Jesus was the one true god. He confessed Jesus publicly. So Herod became angry and commanded to kill him along with James. Both of them were beheaded on the same day. (Acts 12:2). The crime of James was that 'he preached Jesus and confused the people', James died in AD 44. Though this star perished on the earth, through its light,

എങ്കിലും അതിന്റെ ജ്യോതിസ്സു കൊണ്ട് പ്രകാശിതരായ നിരവധി വിശുദ്ധന്മാർ ആ പ്രകാശം അനന്തരലോകത്തിൽ പരത്തി. യാക്കോബ് നിര്യാണം പ്രാപിച്ചത് എ.ഡി. 44-ൽ ആയിരുന്നു.

ശലോമി തന്റെ മക്കളെയും കൊണ്ട് കർത്താവിന്റെ അടുക്കൽ ചെന്നു നിന്റെ രാജ്യത്തിൽ ഒരുത്തനെ വലത്തും ഒരുത്തനെ ഇടത്തും ഇരുത്തണമെന്ന് ആവശ്യപ്പെട്ടത് ഓർക്കുന്നല്ലോ. അപ്പൊസ്തൊലന്മാരിൽ രക്തസാക്ഷിമരണം വരിച്ച് തന്റെ വലതുഭാഗത്ത് തന്നെ ഇരിക്കുവാൻ കർത്താവു കുടിച്ച അതേ പാനപാത്രം തന്നെ യാക്കോബും പാനം ചെയ്തു. കർത്താവിന്റെ രാജ്യത്ത് തന്നോടുകൂടെ വാഴണമെങ്കിൽ താന്താങ്ങളുടെ ക്രൂശ് വിശ്വസ്തതയോടെ വഹിച്ചുകൊണ്ട് അവനെ അനുഗമിക്കണം.

**ചോദ്യങ്ങൾ**

1. അപ്പൊസ്തൊലന്മാരിൽ ആദ്യത്തെ രക്തസാക്ഷി ആര്?

2. പുതിയ നിയമത്തിൽ പ്രസിദ്ധിയാർജ്ജിച്ചവരും യാക്കോബ് എന്ന പേരിൽ അറിയപ്പെട്ടവരും ആരെല്ലാം?

3. യാക്കോബിനെ കർത്താവിനോടൊത്തു കാണുന്നതെവിടെയെല്ലാം? ഹ്രസ്വ വിവരണം നൽകുക.

4. യാക്കോബിനെതിരായി കള്ളസാക്ഷി പറഞ്ഞവൻ എങ്ങനെ തന്നോടുകൂടി രക്തസാക്ഷിയായി?

many other star were illuminated.

You will be remembering Salome, taking both her sons and asking Christ to let them sit on the right and left of his throne in his kingdom. James also drank the same cup that Jesus drank from and became a martyr and thus eligible for the place in heaven. So each person must bear his own cross, faithfully, if he is to enter the kingdom of Heaven.

**Questions:**

1)Who was the first martyr among the apostles?

2)Who are the different James in the New Testament?

3)Where all do we see James along with Jesus? Write in a few sentence.

How did the false witness become a fellow martyr of Jesus along with James?